LIBRARY ARCHIVES Kerala Legislative Assembly

കോക്കനട്ട് ബയോ പാർക്കുകൾ

114 (7411) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തെക്കൻ കേരളത്തിലും മധ്യകേരളത്തിലും വടക്കൻ മേഖലയിലുമായി മൂന്ന് കോക്കനട്ട് ബയോ പാർക്കുകൾ സ്ഥാപിക്കുമെന്ന് പ്രഖ്യാപിക്കുകഉണ്ടായിട്ടുണ്ടോ ; എങ്കിൽ എപ്പോൾ എന്ന് വ്യക്തമാക്കുമോ ;

(ബി) കോക്കനട്ട് ബയോ പാർക്കുകൾ നടപ്പിലാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വെളിപ്പെടുത്തുമോ ;

(സി) ഏതെല്ലാം ബയോ പാർക്കുകൾ പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് ;

(ഡി) ഇതു സംബന്ധിച്ച പ്രഖ്യാപനത്തിനുശേഷം ഓരോ ബഡ്ജറ്റിലും ഇതിനായി വകയിരുത്തിയ തുകയുടെയും ഇതിനകം ചെലവഴിക്കപ്പെട്ട തുകയുടെയും വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ കാർഷിക മേഖലയിൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്ക് പ്രാധാന്യം നൽകുന്നതിനായി 2012-13 സംസ്ഥാന ബഡ്ജറ്റിൽ "അഗ്രി ബയോ പാർക്കുകൾ" സ്ഥാപിക്കുന്ന പദ്ധതി പ്രഖ്യാപിക്കുകയുണ്ടായി. ഈ പദ്ധതി പ്രകാരം നാളികേര മൂല്യവർദ്ധനവിലൂടെ കേരമേഖലയ്ക്ക് നവജീവൻ പകരുന്നതിനായി 28-7-2012-ലെ സ.ഉ.(എംഎസ്.) 187/2012/കൃഷി, പ്രകാരം "കോക്കനട്ട് ബയോപാർക്ക്" പദ്ധതിക്ക് അനുമതി ലഭിച്ചു. ബയോപാർക്ക് സ്ഥാപിക്കുന്നതിനുള്ള സ്ഥലം തെരഞ്ഞെടുക്കുന്നതിനായി 30-10-2012-ലെ സ.ഉ. (ആർറ്റി.) 2137/2012/കൃഷി ഉത്തരവു പ്രകാരം രൂപീകരിച്ച സൈറ്റ് സെലക്ഷൻ കമ്മിറ്റി ദക്ഷിണ മേഖലയിൽ അഞ്ചൽ ജില്ലാ കൃഷിത്തോട്ടത്തിലും മദ്ധ്യമേഖലയിൽ തൃശ്ശൂർ ചേലക്കര ജില്ലാ കൃഷിത്തോട്ടത്തിലും വടക്കൻ മേഖലയിൽ കണ്ണൂർ ആറളം സെൻട്രൽ സീഡ് ഫാമിലും ആയി മൂന്ന് കോക്കനട്ട് ബയോപാർക്കുകൾ സ്ഥാപിക്കുന്നതിന് ശുപാർശ ചെയ്തിട്ടുണ്ട്. ഇവയിൽ തൃശ്ശൂർ ചേലക്കര ജില്ലാ കൃഷിത്തോട്ടത്തിൽ 25 ഏക്കർ സ്ഥലം കണ്ടെത്തുകയും ടി സ്ഥലത്ത് ഓഫീസ്-കം-ഇൻഫർമേഷൻ സെന്ററിന്റെ ശിലാസ്ഥാപനം ബഹു. കൃഷി വകുപ്പുമന്ത്രി 28-2-2014-ന് നിർവ്വഹിക്കുകയും ചെയ്തു. ബയോപാർക്ക് പദ്ധതി നടത്തിപ്പിനായി 1955-ലെ ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം "അഗ്രിബയോ പാർക്ക്സ് - കേരള" ഒരു സൊസൈറ്റിയായി രജിസ്റ്റർ ചെയ്തിട്ടുണ്ട്. (Tvm/TC/957/2013).

(സി) ബയോപാർക്കുകൾ പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ചേലക്കര ജില്ലാ കൃഷിത്തോട്ടത്തിൽ ശിലാസ്ഥാപനം നടത്തിയിട്ടുള്ള കോക്കനട്ട് ബയോ പാർക്കിൽ സംരംഭകർക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലാബ് പരിശോധനക്കും വിപണനത്തിനും ആവശ്യമായ മറ്റു സൗകര്യങ്ങൾ എന്നിവ ഉൾപ്പെടുത്തി വിശദമായ പ്രോജക്ട് തയ്യാറാക്കുന്നതിന് KITCO-യെ ചുമതലപ്പെടുത്തുന്നതാണ്.

(ഡി) ബയോപാർക്ക് പദ്ധതിക്കായി 2013-14, 2014-15 വാർഷിക ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. കോക്കനട്ട് ബയോപാർക്ക് പദ്ധതിക്കായി 2014-15 വർഷത്തേക്ക് 15 കോടി രൂപ SDG മുഖേന ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

കേരകൃഷി

115 (7412) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര ഹെക്ടർ സ്ഥലത്താണ് കേരകൃഷി ഉള്ളതെന്ന് കണക്കാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) നാളികേരത്തിന്റെ ഉൽപ്പാദനത്തിൽ ഈ വർഷം കുറവ് ഉണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്. 2012-13 വർഷം കേരളത്തിൽ 7.98 ലക്ഷം ഹെക്ടറിൽ തെങ്ങു കൃഷി ചെയ്തിട്ടുള്ളതായും 579.9 കോടി നാളികേരം ഉല്പാദനം ഉള്ളതായും കണക്കാക്കിയിട്ടുണ്ട്.

(ബി) ഇല്ല. 2013-14 വർഷത്തെ എസ്റ്റിമേറ്റ് (പ്രൊവിഷണൽ) പ്രകാരം ഉല്പാദനം ഏകദേശം 597.2 കോടി നാളികേരമാണ്.

തെങ്ങുകൃഷി

116 (7413) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001-ൽ സംസ്ഥാനത്ത് എത്ര ഹെക്ടർ തെങ്ങുകൃഷി ഉണ്ടായിരുന്നു എന്നും ആയത് ഇപ്പോൾ എത്ര ഹെക്ടറായി ചുരുങ്ങിയെന്നും 2001 മുതൽ 2013 വരെ വർഷം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(ബി) 2001-ൽ സംസ്ഥാനത്ത് എത്ര തേങ്ങ ഉല്പാദിപ്പിച്ചിരുന്നുവെന്നും ഇപ്പോൾ ഉല്പാദനം എത്രയെന്നും വ്യക്തമാക്കുമോ ;

(സി) ഇത്തരത്തിൽ സംസ്ഥാനത്ത് തെങ്ങുകൃഷി മേഖലയിലും ഉല്പാദനത്തിലും വന്നിട്ടുള്ള കുറവിനുള്ള കാരണം എന്താണെന്ന് പരിശോധിച്ചുവോ ; വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly